ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം

106 (2046) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ തസ്തിക പ്രത്യേകമായി സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഹയർ സെക്കണ്ടറി കോഴ്സുള്ള സ്കൂളുകളിൽ ഇപ്പോൾ പ്രിൻസിപ്പലിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാർക്ക് പ്രൊമോഷൻ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ഹൈസ്കൂളുകളിലെ യോഗ്യതയുള്ള ഹെഡ്മാസ്റ്റർമാർക്ക് ട്രാൻസ്ഫർ വഴിയും 2:1 എന്ന അനുപാതത്തിലാണ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരെ നിയമിക്കുന്നത്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ഹയർ സെക്കണ്ടറി കോഴ്സുള്ള സ്കൂളുകളിൽ ഇതുവരെ അതത് സ്കൂളിലെ ഹെഡ്മാസ്റ്റർക്കാണ് പ്രിൻസിപ്പലിന്റെ ചുമതല നൽകിയിരുന്നത്. എന്നാൽ 23-6-2003-ലെ ഗവ. ഉത്തരവ് ജി.ഒ. (എം.എസ്.) 171/03/ പൊവിവ. പ്രകാരം ഏറ്റവും സീനിയറായ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചറായിരിക്കും പ്രിൻസിപ്പൽ എന്ന് ഉത്തരവായിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പൽ, ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ നിയമനം

107 (2047) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പാൾ നിയമനത്തിനും ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ നിയമനത്തിനും ഉള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്ലസ് ടു ക്ലാസ്സിൽ ജോലി ചെയ്യുന്ന സീനിയർ മോസ്റ്റ് അദ്ധ്യാപകരെ ഡെപ്യൂട്ടി ഹെഡ്മാസ്റ്ററായി നിയമിക്കാൻ പാടില്ല എന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധമായ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly